**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 943** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന ഓഫിസുകളിലെ വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങൾക്കുള്ള പഠനമുറി ഉൾപ്പെടെയുള്ള ക്ഷേമ പദ്ധതികൾക്കായി പട്ടികജാതി വകുപ്പ് അനുവദിക്കുന്ന തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ തിരിമറി നടത്തി തിരുവനന്തപുരം കോർപറേഷനിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന ഓഫിസിലെ ഉദ്യോഗസ്ഥരും ബന്ധുക്കളും ചേർന്ന് തട്ടിയെടുത്തു എന്ന ആക്ഷേപത്തിൻമേലുള്ള വകുപ്പ് തല അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സസ്പെൻറ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിരുന്നു. മേൽ പ്രകാരം സസ്പെൻറ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ പത്രിക നല്കി വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുകയും ടി ആളുകളുടെ മറുപടി ലഭ്യമായതിനെ തുടർന്ന് വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി ടി ആരോപണത്തിൽ വകുപ്പ് ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത അന്വേഷണത്തിൽ ഏതൊക്കെ ജീവനക്കാർക്കെതിരെയാണ് നടപടി സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതിക്ഷേമ ഫണ്ട് ക്രമക്കേട് സംബന്ധിച്ച വകുപ്പ്തല അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടി ഓഫീസിലെ എസ്. സി. പ്രൊമോട്ടർമാരെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും, തുടർന്ന് ടി വിഷയത്തിൽ മുഖ്യ ആരോപണവിധേയരായ സീനിയർ ക്ലാർക്കു മാരായിരുന്നവർക്കെതിരെയും, ടി ഓഫീസിലെ മേലധികാരികളായിരുന്ന പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് 1 തസ്തികയിലെ ഉദ്യോഗസ്ഥർക്കെതിരെയും വകുപ്പ്തല നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പട്ടികജാതി വികസന ഓഫിസുകളിൽ വ്യാപകമായി ഫണ്ട് തട്ടിപ്പ് നടക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫിസുകളിലും | (സി) | പട്ടികജാതി വികസന ഓഫീസുകളിൽ വ്യാപകമായി ഫണ്ട് തട്ടിപ്പ് നടക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടില്ല. എന്നാൽ തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പിന്റെ |

| | | | |
|---|---|---|---|
| | തദ്ദേശ സ്ഥാപനങ്ങളിലും കഴിഞ്ഞ 5 വർഷത്തെ ഗുണഭോക്തൃ പട്ടിക, സഹായം നൽകിയവരുടെ പട്ടിക തുടങ്ങിയവ പരിശോധനയ്ക്ക് വിധേയമാക്കാൻ വകുപ്പ് മുൻകൈയെടുക്കുമോ എന്ന് വ്യക്തമാക്കാമോ? | | പശ്ചാത്തലത്തിൽ കഴിഞ്ഞ 5 വർഷ കാലയളവിൽ, വകപ്പിന്റെ അധീനതയിലുള്ള പട്ടികജാതി വികസന ഓഫീസുകളിൽ നിന്ന് വിവിധ പദ്ധതികളിൽ ഗുണഭോക്താക്കൾക്കായി അനുവദിച്ച തുക യഥാർത്ഥ ഗണഭോക്താക്കൾക്ക് തന്നെ ലഭിച്ചിട്ടുണ്ടോയെന്നുള്ള കാര്യം നേരിട്ട് പരിശോധിച്ച് തട്ടിപ്പ്, ഇരട്ടിപ്പ് എന്നിവ നടന്നിട്ടുണ്ടോയെന്ന് കൃത്യമായി കണ്ടെത്തുന്നതിനും അതിന്റെ വ്യാപ്തി പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ